LIBRARY ARCHIVES Kerala Legislative Assembly

വാമനപുരം മണ്ഡലത്തിലെ നാട്ടരങ്ങ് പദ്ധതി

294(600) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) നാട്ടരങ്ങ് പദ്ധതി പ്രകാരം എത്ര തുകയാണ് സാംസ്കാരിക കേന്ദ്രങ്ങൾക്ക് ചെലവഴിക്കാൻ കഴിയുന്നത്; വിശദവിവരങ്ങൾ നൽകാമോ?

നടപ്പ് സാമ്പത്തിക വർഷം നാട്ടരങ്ങ് പദ്ധതിക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു നാട്ടരങ്ങിന് 20 ലക്ഷം രൂപ വീതം 2 നാട്ടരങ്ങാണ് ഒരു സാമ്പത്തിക വർഷം സ്ഥാപിക്കാനാവുക. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു ഇറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യവൽക്കരണത്തിനായി ചുവർചിത്രങ്ങൾ, ചെറുശില്പങ്ങൾ, റിലീഫ് വർക്കുകൾ തുടങ്ങിയവയും പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രാദേശിക ആവശ്യപ്രകാരം കൂടുതൽ സൗകര്യങ്ങൾ നാട്ടരങ്ങിൽ ഏർപ്പെടുത്തണമെങ്കിൽ ആയതിനുള്ള തുക എം.പി.-മാർ, എം.എൽ.എ.-മാർ തുടങ്ങിയ ജനപ്രതിനിധികളുടെ പ്രാദേശിക വികസന/ആസ്തി വികസന ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്.

കലാഭവൻ മണി സ്മാരകം

295(601) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ നടൻ കലാഭവൻ മണിക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) സ്മാരകം നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?